## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

നമ്മുടെ നല്ല ഇടയനായ യേശുക്രിസ്തു, പാപത്തിന്റെയും അകൃത്യത്തിന്റെയും നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞചേററിൽ നിന്നും ആടുകളെ പുറത്തു കൊണ്ടുവന്നിട്ട് അവയ്ക്കു മുൻപായി നടക്കുന്നു. ഇടയ്ക്കിടെ അവൻ ശബ്ദം പുറപ്പെടുവിക്കുകയും ചെയ്യുന്നു. എന്നിട്ട് രണ്ടു കാര്യങ്ങൾ ചെയ്യേണമെന്ന് അവൻ പ്രതീക്ഷിക്കുന്നു. അത്, അവന്റെ ശബ്ദം അറിയുകയും അവനെ അനുഗമിക്കുകയും ചെയ്യുക എന്നതാണ്. അവൻ ശബ്ദം പുറപ്പെടുവിക്കുകയും അത് തിരിച്ചറിയേണ്ടത് ആടുകളുടെ കടമയാണ്.

ആരെയും എടുത്തുകൊണ്ടു പോകുകയില്ല. മുൻപേ പോയി വഴി കാട്ടുക മാത്രമേയുള്ളു. അവന്റെ പിന്നാലെ പോകേണ്ടതു നമ്മുടെ ഉത്തരവാദിത്വമാണ്. യേശുവിനെ അനുഗമിക്കുക എന്നത് എത്രയും പ്രാധാന്യമേറിയതാണ്. യേശു പറയുന്നത് ‘ എന്നെ അനുഗമിക്കുക’ എന്നതായിരുന്നു. അനേകർ അവനെ അനുഗമിച്ചു. അവൻ വിളിക്കുന്നത് പുറത്തുവന്ന് അവിടെ നിൽക്കുവാനല്ല, മറിച്ച് അവനെ അനുഗമിക്കുവാനാണ്. ഈ ലോകത്തിൽ അനുഗമിക്കുവാനായി ഒരുവനേയുള്ളു, നമ്മുടെ കർത്താവാണ് അത്. ‘ എന്നെ അനുഗമിക്കുക’ എന്നു പറഞ്ഞത് ഒരുവനേയുള്ളു. അത് നമ്മുടെ രക്ഷിതാവായ യേശുവാണ്. ആകയാൽ അവൻ മാത്രമാണ് അനുഗമിപ്പാൻ യോഗ്യൻ.

യേശുവിനെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ വെളിച്ചമാകുന്ന യേശുവിൽ ജീവന്റെ വെളിച്ചമുള്ളവരായി തീരുന്നു. ലോകം മുഴുവൻ അന്ധകാരത്തിൽ ആയിരിക്കുമ്പോഴും ജനം വഴി ഏതെന്നറിയാതെ തപ്പി നടക്കുകയും ചെയ്യുമ്പോൾ, ‘ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവർ ആകും’. യേശു വെളിച്ചമാണ്. യേശുവിനെ പിൻപററുക, നിങ്ങളുടെ ഇരുളെല്ലാം മാറും. അവിടെ പ്രകാശം വ്യാപിക്കും. നിങ്ങൾ തന്നെ വെളിച്ചമായിരിക്കും, സകലമനുഷ്യരേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമാണ് യേശു.

തുടരും....